**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634** **08-02-2023 - ൽ മറുപടിയ്ക്ക്**

**റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് പുതു കൃഷി / ആവർത്തന കൃഷിയ്ക്ക് ഹെക്ടറിന് 25,000/-രൂപ നിരക്കിൽ ധനസഹായം റബ്ബർ ബോർഡ് മുഖേന നൽകി വരുന്നുണ്ട്. അതു കൂടാതെ ഉൽപ്പാദന ക്ഷമതാ വർദ്ധനവിന് വേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. റബ്ബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യുന്നതിന് ഹെക്ടർ പ്രതി 5000 രൂപയും മരുന്ന് തളിയ്ക്കുന്നതിന് 7500 രൂപയും ധനസഹായം നൽകി വരുന്നുണ്ട് . ഇതിനു പുറമെ റബ്ബർ ഉൽപ്പാദക സംഘങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സമൂഹ സംസ്കരണശാലയിലെ വിവിധ ആവശ്യങ്ങൾക്കായി പരമാവധി ആറു ലക്ഷം രൂപയും നൽകി വരുന്നു. റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം, ഭവന നിർമ്മാണ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധന സഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.<br><br>കൃഷി വകുപ്പ് മുഖേന റബ്ബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം. ധനകാര്യവകുപ്പും , റബ്ബർ ബോർഡും, സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും, റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നല്കുന്നത്. 5 |

| | | | |
|---|---|---|---|
| | | | ഹെക്ടറിന് താഴെ കൃഷി ഭൂമി ഉള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. |
| (ബി) | റബ്ബർ വില സ്ഥിരതാ ഫണ്ട് നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡ് നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരിയാണ്. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 10/01/2023 വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 9.013 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | റബ്ബർ വില സ്ഥിരതാ ഫണ്ട് കിലോയ്ക്ക് 250 രൂപയാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | റബ്ബർ പ്രോഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/- രൂപയിൽ നിന്നും 250/- രൂപയായി ഉയർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് 24/12/2022-ലെ D.O. No. AGRI-893/Min/2022-AGRI നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല . |

സെക്ഷൻ ഓഫീസർ